**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1777** **12.06.2019 ൽ മറുപടിയ്ക്ക്**

**അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾക്കെതിരെ നടപടി**

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോൺട്രാക്ട് കാര്യേജ് അനുമതി മാത്രമുള്ള അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾ ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ട് സംസ്ഥാനത്ത് സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. അത്തരം സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി പിഴ അടപ്പിക്കുന്നുണ്ട്. പരിശോധനകൾ തുടരുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ പിടിക്കപ്പെടുന്ന ബസ്സുകൾക്ക് ഈടാക്കുന്ന പിഴയുടെയും ഇത് സംബന്ധിച്ച് എടുക്കുന്ന കേസുകളുടെയും വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇത്തരത്തിൽ നിയമ ലംഘനങ്ങൾക്ക് എതിരെ 6.6.19 വരെ 7991 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 2,97,61,750 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഗതാഗത വകുപ്പിന്റെ പരിശോധനയും പിഴയീടാക്കലും നടക്കുമ്പോഴും നിയമലംഘനം നിർബാധം തുടരുന്നതുമൂലം അന്തർ സംസ്ഥാന യാത്രക്കാർക്ക് കൂടുതൽ ടിക്കറ്റ് ചാർജ്ജ് നൽകേണ്ടി വരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ഇത്തരം സർവ്വീസുകളിലെ നിരക്ക് നിശ്ചയിക്കുന്നതിന് ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഒന്നിലേറെ തവണ ഗതാഗത നിയമ ലംഘനത്തിന് പിടിക്കപ്പെടുന്ന ബസ്സുകൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനും വേണ്ടി വന്നാൽ കെ.എസ്.ആർ.ടി.സി. യുടെ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ബദൽ സംവിധാനം ഒരുക്കാനുള്ള കാലതാമസം പരിഹരിച്ച് നിയമം ലംഘിച്ച് ഓടുന്ന ബസ്സുകളെ നിരത്തിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | |

**സെക്ഷൻ ഓഫീസർ**